ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-02-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മാർഗനിർദേശവും ആത്മവിശ്വാസവും ഒന്നിച്ച് ചേരുമ്പോഴാണ് യഥാർത്ഥ ആത്മധൈര്യം വളരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരീക്ഷാ തയ്യാറെടുപ്പ് രീതിയിൽ പൂർണ ആത്മവിശ്വാസം പുലർത്തണമെന്നും പരീക്ഷാ പേ ചർച്ചയിൽ പരാമർശം.

   **Prime Minister Narendra Modi said that true confidence develops when guidance and self-belief come together. He mentioned in Pariksha Pe Charcha that students should have complete faith in their examination preparation methods.**

2. പരീക്ഷകളെ ജീവിതത്തിൻ്റെ പരീക്ഷണങ്ങളായി കാണരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമയനിഷ്ഠ വിജയത്തിന്റെ പാതയിൽ നിർണായകമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi said that examinations should not be seen as life's ultimate tests. He also stated that time discipline is crucial on the path to success.**

3. ലോക്സഭയിൽ വിവിധ വിഷയങ്ങളിൽ ഇന്നും പ്രതിപക്ഷ ബഹളം. സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുന്നു.

   **Continuous uproar by the opposition over various issues disrupted Lok Sabha proceedings today. The House adjourned for the day. Proceedings are continuing in the Rajya Sabha.**

4. റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ നിലനിർത്തി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ.

**The Reserve Bank of India has kept the repo rate unchanged at 5.25 percent.**

5. ആരോഗ്യകരമായ ഭക്ഷണ രീതിയിലൂടെ ജീവിതശൈലി രോഗങ്ങൾ തടയുന്നതിനുള്ള കേരള ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ പരിപാടിക്ക് തിരുവനന്തപുരത്ത് തുടക്കം.

**A programme of the Kerala Food Safety Department aimed at preventing lifestyle diseases through healthy dietary habits has begun in Thiruvananthapuram.**

6. അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് പ്രതീക്ഷയിൽ ഇന്ത്യ. ഫൈനലിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് ബാറ്റിംഗ്.

**India is hopeful in the Under-19 One Day Cricket World Cup. In the final, India chose to bat against England.**

## PM PARIKSHA PE CHARCHA (INTRO) 1

മാർഗനിർദേശവും ആത്മവിശ്വാസവും ഒന്നിച്ച് ചേരുമ്പോഴാണ് യഥാർത്ഥ ആത്മധൈര്യം വളരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

പരീക്ഷാ പേ ചർച്ചയുടെ 9-ാം പതിപ്പിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷകൾക്കുള്ള സ്വന്തം തയ്യാറെടുപ്പ് രീതിയിൽ പൂർണ ആത്മവിശ്വാസം പുലർത്തുന്നതാണ് പ്രധാനമെന്നും ശ്രീ.നരേന്ദ്ര മോദി പറഞ്ഞു.

**(PM VOICE)** -1

അധ്യാപകർ, മാതാപിതാക്കൾ തുടങ്ങിയവരുടെ നിർദേശങ്ങൾ കൃത്യമായി കേൾക്കുകയും ആഴത്തിൽ മനസ്സിലാക്കുകയും വേണമെന്നും പ്രധാനമന്ത്രി പറഞ്ഞു. മറ്റുള്ളവരെ അന്ധമായി അനുകരിക്കാതെ സ്വന്തം അനുഭവങ്ങൾ ആത്മബോധം തുടങ്ങിയവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളണമെന്നും അദ്ദേഹം അറിയിച്ചു.

## PM PARIKSHA PE CHARCHA (INTRO) 2

ഓരോരുത്തരുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം മാധ്യമം മാത്രമാണെന്നും പരീക്ഷകളെ ഒരിക്കലും ജീവിതത്തിൻ്റെ പരീക്ഷണങ്ങളായി കാണരുതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(Voice)

## PM TIME MANAGEMENT (INTRO)

സമയം ക്രമീകരിക്കാൻ വിദ്യാർത്ഥികൾ പഠിക്കേണ്ടത് ഏറെ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമയനിഷ്ഠ വിജയത്തിൻറെ പാതയിൽ പ്രാധാന്യം അർഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ്)

മാതാപിതാക്കൾ കുട്ടികളിൽ സമ്മർദ്ദം ചെലുത്തരുതെന്നും അവർക്ക് ആവശ്യമായ പിന്തുണ നൽകി പ്രോത്സാഹിപ്പിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. പരീക്ഷാ സമ്മർദ്ദം ഉൾപ്പെടെയുള്ള വിഷയങ്ങൾ വിദ്യാർത്ഥികൾ പ്രധാനമന്ത്രിയുമായി പങ്കുവച്ചു. രാജ്യമെമ്പാടുമുള്ള നാലര കോടിയിലധികം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും പരിപാടി പ്രചോദനം നല്കി.

## REACTION PARIKSHA PE CHARCHA (INTRO)

തിരുവനന്തപുരം പട്ടം പി എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർത്ഥിനി നിവേദിത സുജനി നായർ പരീക്ഷ പേ ചർച്ചയുടെ അനുഭവം ആകാശവാണി വാർത്തകളുമായി പങ്കു വയ്ക്കുന്നു.

(വോയിസ്)

## PARLIAMENT

ലോക്സഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ബഹളത്തെ തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചു. സഭ പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് സ്പീക്കർ ഓം ബിർള പ്രതിപക്ഷത്തോട് അഭ്യർത്ഥിച്ചു. എന്നാൽ പ്രതിഷേധം തുടരുകയായിരുന്നു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുകയാണ്.

## KIREN RIJIJU-CONGRESS

മുൻ കരസേനാ മേധാവി ജനറൽ എംഎം നരവാനെയുടെ പ്രസിദ്ധീകരിക്കാത്ത ഓർമ്മക്കുറിപ്പിനെക്കുറിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിൽ ഉന്നയിച്ച വിഷയത്തെ കേന്ദ്ര പാർലമെന്ററി മന്ത്രി കിരൺ റിജിജു ശക്തമായി അപലപിച്ചു. അതീവ പ്രാധാന്യമുള്ള പ്രതിരോധ, സുരക്ഷാ കാര്യങ്ങൾ ഒരിക്കലും രാഷ്ട്രീയ ഉപകരണങ്ങളായി ഉപയോഗിക്കരുതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ അറിയിച്ചു.

## NAGALAND TREATY

ഫ്രോണ്ടിയർ നാഗാലാൻഡ് ടെറിട്ടോറിയൽ അതോറിറ്റി രൂപീകരിക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരും, നാഗാലാൻഡ് സർക്കാരും, ഈസ്റ്റേൺ നാഗാലാൻഡ് പീപ്പിൾസ് ഓർഗനൈസേഷനും കരാറിൽ ഒപ്പുവച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിൽ ഇന്നലെ ന്യൂഡൽഹിയിലാണ് കരാർ ഒപ്പുവെച്ചത്. നാഗാലാൻഡ് മുഖ്യമന്ത്രി നെഫിയു റിയോയും സന്നിഹിതനായിരുന്നു. ചരിത്രപ്രധാന കരാറിൽ ഒപ്പുവെച്ചതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു.

## ECI

അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കേന്ദ്ര നിരീക്ഷകരായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 714 ജനറൽ നിരീഷകൻമാർ, 233 പോലീസ് നിരീഷകൻമാർ, 497 ചെലവ് നിരീക്ഷകർ ഉൾപ്പെടെ 1,444 ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്.

## SIR - KERALA

കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്ക . ഇതിൽ 2,804 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, ആയിരത്തി 39 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 17,287 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

## PM MALAYSIA-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യൻ സന്ദർശനത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ മലേഷ്യ സന്ദർശനമാണിതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. വ്യാപാരം, പ്രതിരോധം, ഊർജം, സെമികണ്ടക്ടറുകൾ തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും. പത്താമത് ഇന്ത്യ-മലേഷ്യ സി ഇ ഒ ഫോറത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

## RBI POLICY (INTRO)

റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ തുടരുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(വോയിസ്)

ഓൺലൈൻ പണമിടപാട് തട്ടിപ്പിൽ പണം നഷ്ടപ്പെട്ടവർക്ക് 25,000 രൂപ വരെ നഷ്ടപരിഹാരം നൽകുമെന്ന് ആർ ബി ഐ ഗവർണർ അറിയിച്ചു. ഇത്

സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വൈകാതെ പങ്കുവെക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## U 19 CRICKET

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് ബാറ്റിംഗ്. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. സിംബാബ്‌വെയിലെ ഹരാരെയിൽ മത്സരം അൽപസമയത്തിനകം ആരംഭിക്കും. ടൂർണമെന്റിൽ ഇതുവരെ തോൽവിയറിയാതെയാണ് ഇന്ത്യൻ ടീം ഫൈനലിൽ എത്തുന്നത്.

## SAFE FOOD FOR BETTER LIFE

സംസ്ഥാനത്ത് സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് EAT RIGHT KERALA - Safe Food for Better Life എന്ന പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. ആരോഗ്യമന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കുട്ടികളിലും മുതിർന്നവരിലും ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനും ലക്ഷ്യമിട്ടാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിപാടി സംഘടിപ്പിക്കുന്നത്.

## SHAH - JK VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ജമ്മുവിലെ സുരക്ഷ സ്ഥിതികൾ അവലോകനം ചെയ്യും. രണ്ട് ദിവസത്തെ ജമ്മു-കശ്മീർ സന്ദർശനത്തിനായി അദ്ദേഹം ഇന്നലെ രാത്രിയാണ് ജമ്മുവിലെത്തിയത്. പ്രദേശത്തെ ക്രമസമാധാന സ്ഥിതി ഉൾപ്പെടെയുള്ളവ യോഗത്തിൽ വിലയിരുത്തും. കത്വ ജില്ലയിലെ ഹിരാനഗറിൽ അന്താരാഷ്ട്ര അതിർത്തി സന്ദർശിക്കുന്ന ശ്രീ അമിത് ഷാ അതിർത്തി സുരക്ഷാ സേനക്ക് പുതിയതായി നൽകിയ ഉപകരണങ്ങൾ പരിശോധിക്കും. വീരമൃത്യു വരിച്ച സൈനികരുടെ കുടുംബങ്ങളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

ശ്രീനഗറിലേക്ക് നാളെ പോകുന്ന ശ്രീ.അമിത് ഷാ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

## INDIAN RAILWAYS

ഈ വർഷം ഹോളിയോടനുബന്ധിച്ച് രാജ്യത്തെ വിവിധ റെയിൽവേ ഡിവിഷനുകളിൽ നിന്ന് റെക്കോർഡ് അളവിൽ സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ. യാത്രക്കാരുടെ തിരക്ക് വർദ്ധിക്കുന്നതിനാൽ ആയിരത്തി 410-ലധികം ഹോളി സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുമെന്നും റെയിൽവേ മന്ത്രാലയം അറിയിച്ചു. അടുത്ത മാസത്തിലായിരിക്കും പ്രത്യേക ട്രെയിനുകൾ പ്രധാനമായും സർവീസ് നടത്തുക.

## MEGHALAYA BLAST

മേഘാലയയിൽ ഈസ്റ്റ് ജയന്തിയ ഹിൽസ് ജില്ലയിലെ താങ്സ്കോ മേഖലയിൽ അനധികൃത കൽക്കരി ഖനിയിൽ ഇന്നലെയുണ്ടായ സ്ഫോടനത്തിൽ 18 പേർ മരിച്ചതായി റിപ്പോർട്ട്. നിരവധി പേർ ഇപ്പോഴും ഖനിക്കുള്ളിൽ കുടുങ്ങിക്കിടക്കുകയാണ്. ഖനനത്തിനായി ഉപയോഗിച്ച ഡൈനാമിറ്റ് പൊട്ടിത്തെറിച്ചതാണ് അപകടത്തിന് കാരണമെന്ന് കരുതുന്നു. കാണാതായവർക്കായുള്ള തിരച്ചിലും രക്ഷാപ്രവർത്തനവും പുരോഗമിക്കുകയാണ്. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, മുഖ്യമന്ത്രി കോൺറാഡ് സാങ്മ തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായവും നൽകും.